**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 403** **27.09.2016-ൽ മറുപടിയ്ക്ക്**

**വൈദ്യുതി വിഹിതം സംബന്ധിച്ച പുതിയ കേന്ദ്ര കരട്ട നയം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. സി. ജോസഫ് :<br>ശ്രീ. അനിൽ അക്കര :<br>ശ്രീ. അൻവർ സാദത്ത് :<br>ശ്രീ. എം. വിൻ സെന്റ് : | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ മന്ത്രി) |
| (എ) വൈദ്യുതി വിഹിതം സംബന്ധിച്ച പുതിയ കേന്ദ്ര കരട്ട നയം സംസ്ഥാനത്തിന് ദോഷകര മാണെന്ന് കരുതുന്നുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) പുതിയ കേന്ദ്ര കരട്ട നയത്തിൽ സംസ്ഥാനത്തിന് ദോഷകരമായി എന്തെല്ലാം വ്യവസ്ഥകളാണ് ഉൾപ്പെട്ടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | പുതിയ കേന്ദ്രകരട്ട മാർഗ്ഗ രേഖ പ്രകാരം പവ്വർ സ്റ്റേഷൻ സ്ഥിതിചെയ്യുന്ന സംസ്ഥാനങ്ങൾക്ക് (Home State) 85% വിഹിതമാണ് അനുവദിച്ചിട്ടുള്ളത്. ഈ സ്റ്റേഷനിലേക്കുള്ള കൽക്കരി മറ്റു സംസ്ഥാനത്തു നിന്നാണ് ലഭിക്കുന്നതെങ്കിൽ ഈ 85%വിഹിതം ഇരു സംസ്ഥാനങ്ങളും കൂടി പങ്കിട്ടെടുക്കേണ്ടതാണ്. 85% വിഹിതം ഹോം സ്റ്റേറ്റിനെന്ന മാനദണ്ഡം ആണവനിലയങ്ങൾക്കും ബാധകമാണ്. ബാക്കി 15% കേന്ദ്ര സർക്കാർ തീരുമാനമനുസരിച്ച് മറ്റു സംസ്ഥാനങ്ങൾക്ക് നൽകുന്നതാണ്. |
| (സി) സംസ്ഥാനത്തിന് ദോഷകര മായുള്ള വ്യവസ്ഥകൾ കേന്ദ്ര കരട്ട നയത്തിൽ നിന്നും ഒഴിവാക്കാൻ സംസ്ഥാനം | (സി) | പുതിയ കേന്ദ്ര കരട്ട മാർഗ്ഗരേഖ കാരണം കേരളത്തിന് ഉണ്ടാകാവുന്ന ഭവിഷ്യത്തുകളെ കുറിച്ചുള്ള ആശങ്കകൾ കേന്ദ്രമന്ത്രാലയത്തിനെ അറിയിച്ചിട്ടുണ്ട്. കൽക്കരിപ്പാടങ്ങളില്ലാത്തതും |

എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

വിശദാംശം വെളിപ്പെടുത്തുമോ ?

കേരളത്തിന്റെ തനതായ ഭൂപ്രകൃതിയും പരിഗണിച്ചുകൊണ്ട് പുതിയ കരട് മാർഗ്ഗ രേഖയിൽ ഭേദഗതിവരുത്തി അർഹമായ വിഹിതം നൽകണമെന്ന് കേന്ദ്രമന്ത്രാലയ ത്തിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

Hemalatha

**സെക്ഷൻ ഓഫീസർ**